**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 544** | **09-08-2023 - ൽ മറുപടിയ്ക്ക്**

**ശ്രീമതി. തങ്കമ്മാ ജോസഫിന്റെ പെൻഷൻ പുനസ്ഥാപനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം നെല്ലിക്കുഴിയിലെ വലിയപറമ്പിൽ, തങ്കമ്മാ ജോസഫിന്റെ പെൻഷൻ (പെൻഷൻ കോഡ് 3/9956 , PPO.No.KTM19815) തടഞ്ഞ് വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദീകരിക്കാമോ; | (എ) | ശ്രീമതി. തങ്കമ്മ ജോസഫ് (പെൻഷൻ കോഡ് 3/9956, PPO NO. KTM 19815) മസ്റ്റർ ചെയ്യാത്ത കാരണത്താൽ ടിയാരിയുടെ പെൻഷൻ വിതരണം 01/05/2019 മുതൽ നിർത്തി വച്ചിരുന്നു. |
| (ബി) | തങ്കമ്മാ ജോസഫ് ഇക്കാര്യം സംബന്ധിച്ച് മുളന്തുരുത്തി സബ്ട്രഷറി ഓഫീസർക്ക് നിവേദനം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രീമതി. തങ്കമ്മ ജോസഫ് മുളന്തുരുത്തി സബ്ട്രഷറി ഓഫീസർക്ക് നിവേദനം നൽകിയിട്ടുണ്ട്. ടിയാരി 21/01/2023 -ന് നേരിട്ട് ഹാജരായി പെൻഷൻ പുനസ്ഥാപിച്ച് നൽകണമെന്ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ സാധൂകരണം ലഭ്യമാക്കി 06/06/2023 മുതലുള്ള പെൻഷൻ നൽകി വരുന്നുണ്ട്. |
| (സി) | പെൻഷൻ പുനഃസ്ഥാപിക്കുന്നതിനു വേണ്ടി ട്രഷറി ഡയറക്ടർ തങ്കമ്മാ ജോസഫിന്റെ പെൻഷൻ ബുക്കിന്റെ കോപ്പി ടിയാൾക്ക് നൽകിയിട്ടുണ്ടോ; പ്രസ്തുത പെൻഷണർക്ക് ലഭിച്ചിരുന്ന പെൻഷൻ പുനഃസ്ഥാപിച്ചു നൽകുന്നതിലുള്ള കാലതാമസത്തെക്കുറിച്ച് വിശദീകരിക്കാമോ; ടിയാന്റെ നിവേദനത്തിന്മേൽ നടപടി സ്വീകരിക്കാൻ തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കാമോ; ആയത് ഉടൻ പരിഹരിച്ച് നൽകുമോ? | (സി) | പെൻഷൻ പുനസ്ഥാപിക്കുന്നതിന് പെൻഷൻ ബുക്കിന്റെ ഡിസ്ബേർസേർസ് ഭാഗം ട്രഷറി ഡയറക്ടറേറ്റിൽ നിന്നും 19/05/2023 -ന് ലഭ്യമാക്കിയിട്ടുണ്ട്. മൂന്ന് വർഷക്കാലയളവിന് മുകളിൽ ഒരു പെൻഷണർ പെൻഷൻ വാങ്ങാതിരുന്നാൽ തുടർന്ന് പെൻഷൻ നൽകുന്നതിന് KTC Vol I Rule 295 (a)പ്രകാരം അക്കൗണ്ടന്റ് ജനറലിന്റെ റീവാലിഡേഷൻ ആവശ്യമാണ്. 12/06/2023 -ന് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്ന് പെൻഷൻ റീവാലിഡേറ്റ് ചെയ്തു ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 06/06/2023 മുതൽ പെൻഷൻ പുനസ്ഥാപിച്ചു നൽകിയിട്ടുണ്ട്. 01/05/2019 മുതൽ 05/06/2023 വരെയുള്ള പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിന് KSR Part III Rule 136 പ്രകാരം സർക്കാർ അനുമതി ആവശ്യമായതിനാൽ പെൻഷനറിൽ നിന്നും പെൻഷൻ കുടിശ്ശികയ്ക്കുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ